"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട് എന്ന ഏജൻസിക്ക് നൽകിയ അക്രഡിറ്റേഷൻ ഉത്തരവിൽ വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1515/2023/LSGD തീയതി,തിരുവനന്തപുരം, 24-07-2023

---

പരാമർശം:-

1. സ.ഉ(എം.എസ്) 133/2013/തസ്വഭവ, തീയതി 30/03/2013.
2. സ.ഉ(സാധാ) നം. 1983/2022/തസ്വഭവ, തീയതി 16/08/2022.
3. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ സെക്രട്ടറിയുടെ 21/02/2023-ലെ IRTC-PIU/378/23 നമ്പർ കത്ത്.

**ഉത്തരവ്**

അക്രഡിറ്റഡ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2) പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം, വൈദ്യുതലൈൻ ഭൂപട നിർമ്മാണം, നീർത്തടവികസനം, മഴവെള്ളസംഭരണം, ഖരമാലിന്യസംസ്കരണം-വിസർജ്യമാലിന്യ സംസ്കരണം (Faecal Sludge Management) എന്നീ മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണം, മലിനജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റുകൾ സ്ഥാപിക്കലും, പരിപാലനവും എന്നീ മേഖലകളിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന ഏജൻസിയുടെ അക്രഡിറ്റേഷൻ 3 വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

3) മാലിന്യ സംസ്കരണപ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സിവിൽ നിർമ്മാണപ്രവൃത്തികൾ IRTC-യെ ഏൽപ്പിക്കുന്നതിൽ സംശയം രേഖപ്പെടുത്തിയിരിക്കുന്നുവെന്നും, ആയതിനാൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം (ഇതുമായി ബന്ധപ്പെട്ട സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കുകൾ ഉൾപ്പെടെ) അക്രഡിറ്റേഷൻ അനുവദിക്കുന്നവിധം സ്പഷ്ടീകരണ ഉത്തരവ് ലഭ്യമാക്കണമെന്ന് IRTC സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണ പ്ലാന്റ് ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട അത്യാവശ്യമുള്ള (essential works required for the installation only) സിവിൽ, ഇലക്ട്രിക്കൽ ആന്റ് മെക്കാനിക്കൽ അക്സിലറി പ്രവർത്തികൾ മാത്രം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക വിധേയമായി നിർവഹിക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ എന്ന ഏജൻസിക്ക് അനുമതി നല്കിക്കൊണ്ട് പരാമർശം (2)-ലെ ഉത്തരവിൽ സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്.

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഡയറക്ടർ ക്ലീൻ കേരള കമ്പനി

ധനകാര്യവകുപ്പ് (21/6/2023-ലെ E2443686/Dev-3/97/2023-Fin) പ്രകാരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (E 2364963)

ഉത്തരവിൻ പ്രകാരം,

Signed by

Viraj K

Date: 25-07-2023 12:52:21

സെക്ഷൻ ഓഫീസർ.